(ന) ടി റിപ്പോർട്ടിനെ സംബന്ധിച്ചു മുൻസിപ്പൽ കമ്മീഷണരൊ ചെയർമാനൊ മുൻസിപ്പാലിറ്റിയിൽ ഉള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനൊരാ അന്വേഷിച്ചതിനശേഷമാണൊ ടി സംഗതിയെപറ്റി പോലീസിലേക്കു് എഴുതീട്ടുള്ളതു്;

(ര) അതിയിൽ എത്ര കേസുകൾക്കു് പൊലീസ് നടപടി എടുത്തിട്ടുണ്ടു്; എത്ര എണ്ണം നടപടി എടുക്കാതെ വിട്ടിട്ടുണ്ടു്?

മിസ്റ്റർ പി. ജെ. ജോജ്ജ് : (ക) ഏഴു റിപ്പോർട്ടുകൾ.

(ഖ) (a) പിരിക്കുവാൻ നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരെ അവരുടെ കൃത്യനിർവ്വഹണത്തിൽ തടസ്ഥപ്പെടുത്തിയ കുറ്റത്തിനു ര.

(b) പാളയം ചന്തയിൽ കൂടു ശ്രോത്രി ചെയ്തുപ്പെടുന്നതിനെപ്പറ്റി ക.

(c) ചന്തയിൽ കളവായി രശീതി വിറ്റ കാര്യത്തിനിരിച്ചു എന്നതിനെപ്പറ്റി ക.

(d) ചന്തയിൽ കാര്യപിരിക്കുന്ന ഒരു കളക്ടരെ ദേഹോപദ്രവം ചെയ്യാൻ ഉദ്യമിച്ചു എന്നതിനു് ക.

(ങ) അതെ.

(ര) മൂന്നു റിപ്പോർട്ടുകൾക്കു് നടപടി എടുത്തതായി എഴുതി അയിച്ചിട്ടുണ്ടു്. ബാക്കി ഉള്ളതിനു ഇനിയും മറുപടി കിട്ടീട്ടില്ല.

WARRANT OFFICER—ERNAKULAM MUNICIPALITY.

10. മിസ്റ്റർ വി. കെ. കുട്ടി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ദയവുണ്ടു് സഭയിൽ മറുപടി പറയുമൊ :—

(ക) എറണാകുളം നഗരസഭയിലെ ഇപ്പോഴത്തെ വാറണ്ടാഫീസർക്കു് മുമ്പു് ആരാണു് ആ ജോലി നോക്കിയിരുന്നതു്;

(ഖ) അദ്ദേഹം എത്രനാൾ ടി ജോലിയിലിരുന്നിട്ടുണ്ടു്;

(ന) അദ്ദേഹത്തിന്റെ ഔദ്യോഗികമായ കൃത്യനിർവ്വഹണത്തിൽ പൊതുജനത്തിനു തടസ്ഥം ചെയ്തുവെന്നാരു നാമായികമായ അദ്ദേഹത്തെപ്പറ്റി ജനങ്ങൾ ആക്ഷേപിച്ചുവെന്നൊ മറ്റൊ വിവരിച്ചുകൊണ്ടു് വല്ല റിപ്പോർട്ടുകളും അദ്ദേഹം മുനിസിപ്പാലിറ്റിയിലേക്കു അയച്ചിട്ടുണ്ടൊ;

(ര) ഉണ്ടെങ്കിൽ എത്ര;

(ങ) ഇപ്പോഴത്തെ വാറണ്ടാഫീസർ ടി സ്ഥാനത്തു വന്നിട്ടു എത്ര കാലമായി;

(ങ) ഔദ്യോഗികമായ അദ്ദേഹത്തിന്റെ കൃത്യനിർവ്വഹണത്തിൽ ചിലരിൽനിന്നും തടസ്ഥം നേരിടുന്നുവെന്നൊ ആപമാനിക്കുന്നുവെന്നൊ മുനിസിപ്പാലിറ്റിയിൽനിന്നും അവരുടെമേൽ നടപടി നടത്തണമെന്നൊ മറ്റൊ വിവരിച്ചുംകൊണ്ടു് വല്ല റിപ്പോർട്ടുകളും മുനിസിപ്പാലിറ്റിക്കു കിട്ടീട്ടുണ്ടൊ;

(ഛ) ഉണ്ടെങ്കിൽ ഇതുവരെ എത്ര റിപ്പോർട്ടുകൾ കിട്ടീട്ടുണ്ടെന്നും അതുടെ പേരിലെല്ലാമായിരുന്നുവെന്നും സഭയിൽ പ്രസ്താവിക്കുമൊ;

(ജ) ടി വാറണ്ടാഫീസരുടെ റിപ്പോർട്ടനുസരിച്ചു എത്രപേരുടെമേൽ മുനിസിപ്പാലിറ്റിയിൽനിന്നും നടപടി എടുത്തിട്ടുണ്ടു്, അവരുടെയെല്ലാം പേരിലാണു";

LIBRARY ARCHIVES Kerala Legislative Assembly

(൯) ടി നടപടി സിവിലായൊ ക്രിമിനലായൊ എടുത്തിട്ടുള്ളതു്?

മിസ്റ്റർ പി. ജെ. ജോജ്ജു്: (എ) സി. കൊച്ചുശോവിന്ദമേനോൻ.

(ബ) ര കൊല്ലം, എ൦ മാസം, ൯ ദിവസം.

(ന) ഇല്ല.

(ര) ഉത്തരം ആവശ്യമില്ല.

(ഭ) ഒരു കൊല്ലം ആറു മാസം എട്ടു ദിവസം.

(ന) ജപ്തിക്രമത്തിൽ ചെയ്തതായി ചില റിപ്പോർട്ടുകൾ കിട്ടിട്ടുണ്ടു്. പോലീസു സഹായത്തോടുകൂടി ആ ജപ്തികൾ നടത്തീട്ടുണ്ടു്. അർഹതപ്പെട്ട അപേക്ഷകൾ നിരസിക്കുവാൻ ഉദ്യമിച്ചതായി ഒരു റിപ്പോർട്ടു കിട്ടീട്ടുണ്ടു്.

(ഒ) ൧-൦വാർഡിൽ ന൭൯-൦നമ്പർ വീട്ടുടമസ്ഥ കോമ കുഞ്ഞിയുടെ പേരിലാണു് റിപ്പോർട്ടു വന്നിട്ടുള്ളതു്.

(വ) പ്രസ്തുത കുഞ്ഞിയുടെ പേരിൽ ഇതുവരെ യാതൊരു നടപടിയും എടുത്തിട്ടില്ല.

(൯) ടി ചോദ്യത്തിനു് ഉത്തരം ആവശ്യമില്ല, മേൽ ഉത്തരം നോക്കുക.

മിസ്റ്റർ വി. കെ. കുട്ടി: ആൻസർ രണ്ടു്. ര കൊല്ലം എ൦ മാസം, ൯ ദിവസം ജോലി നോക്കിയ ആ ഉദ്യോഗസ്ഥന്റെ പേരിൽ യാതൊരു ആക്ഷേപവും ഡിപ്പാർട്ടുമെന്റിലേക്കു കിട്ടീട്ടില്ലെന്നു പറയുന്നു. ഒന്നിൽ വിലകൊല്ലം ഇരുന്ന ആളിൽ നിന്നു് ഇത്ര വലുതായ ആക്ഷേപം ജനങ്ങൾക്കുണ്ടാവാൻ കാരണമെന്താണെന്നു് ഗവൺമെന്റിനറിയാമൊ?

മിസ്റ്റർ പി. ജെ. ജോജ്ജു്: നല്ല നിശ്ചയമില്ല. പക്ഷെ ഈ ആൾ വലുതായിട്ടു് ജോലിനോക്കുന്ന ആളായിരിക്കാം. മറെറ ആൾ കുറച്ചു് ഭംഗിയുള്ള മട്ടിൽ ജനങ്ങളോടു് പെരുമാറിയ ആളായിരിക്കാം.

മിസ്റ്റർ വി. കെ. കുട്ടി: വ, ൯ ഈ കുസ്തുനെ സംബന്ധിച്ചു സംഗതിയും എ൦-൦നമ്പ കുസ്തുനെ സംബന്ധിച്ചു സംഗതിയും ഈ ഒരു ഉദ്യോഗസ്ഥനിൽനിന്നും വന്നതാണെന്നു് ഗവൺമെന്റിനറിയാമൊ?

മിസ്റ്റർ പി. ജെ. ജോജ്ജു്: അറിഞ്ഞുകൂടാ.

DRAINAGE—ERNAKULAM TOWN.

11. Mr. A. V. Moothedan *(Chalakkudi):* Will the Government be pleased to state :—

(*a*) whether they are aware of the most unsatisfactory system of drainage in the town of Ernakulam ;

(*b*) have the Government asked any officer or Municipality to inquire into the matter and submit a report ;

(*c*) if so, will that report be made available to the members for reference and study ?

LIBRARY ARCHIVES Kerala Legislative Assembly